വിസ്തരിക്കുന്ന ചിന്തകൾ സീതയ്ക്ക് നൽകിയതിലൂടെ (82-113 ശ്ലോകങ്ങൾ) ബുദ്ധിയും മനസ്സുമുള്ള തന്റേടിയായ ഒരു സീതയെ ആശാൻ സൃഷ്ടിച്ചെടുക്കുന്നു. ചിന്തകളിലെങ്കിലും അവൾ വേറിട്ടു നടക്കുന്നവളാണ്. അതുകൊണ്ടാണ് ചെയ്യാത്ത തെറ്റിന് മാപ്പു പറഞ്ഞ് ഭർത്താവിനൊപ്പം ജീവിക്കുകയെന്ന യാഥാസ്ഥിതിക സമൂഹനിശ്ചയത്തിൽ നിന്നു മാറി നടക്കാൻ അവൾ തീരുമാനിക്കുന്നത്. ആ നിശ്ചയം ചുറ്റുമുള്ളവർക്ക് ഹിതകരമാവില്ല എന്നതുകൊണ്ടും സമൂഹത്തിന്റെ പൊതുബോധത്തോടു പൊരുതി ജീവിക്കുക അക്കാലത്ത് അസാധ്യമാകുമെന്നതുകൊണ്ടുമാകണം, സീത, മരണത്തിന്റെ മാർഗ്ഗം തെരഞ്ഞെടുത്തത്. അതെ, അന്തർധാനം എന്നത് ഒരർത്ഥത്തിൽ ആത്മഹത്യതന്നെയാണ്.

**കലാസിംഫണി**

സമൂഹത്തിന്റെ ശീലങ്ങളെ തകിടംമറിക്കുകയും അതുവരെ അവതരിപ്പിക്കപ്പെടാത്ത ഒരു ചിന്തയെ, ആശയത്തെ അവതരിപ്പിക്കുകയും ചെയ്യുമ്പോൾ അവതരണമാധ്യമം ഏറ്റവും ആകർഷകമായിരിക്കണം. വളരെ പെട്ടെന്നൊന്നും നിരൂപകർക്ക് തള്ളിക്കളയാനാവാത്ത രചനയാക്കി കൃതിയെ മാറ്റണമെങ്കിൽ രൂപപരമായ സൗന്ദര്യവും ഘടനയും ഇണങ്ങിവരണം. 'ചിന്താവിഷ്ടയായ സീത'യെ ആശാൻ പരമാവധി അണിയിച്ചൊരുക്കിയിട്ടുണ്ട്. പ്രേക്ഷകരെ പിടിച്ചിരുത്തുന്ന ദൃശ്യകലയുടെയും ആനന്ദിപ്പിക്കുന്ന ചിത്രകലയുടേയും മനസ്സിനെ ലയിപ്പിക്കുന്ന സംഗീതകലയുടേയും സഹായത്തോടെയാണത് ചെയ്തിരിക്കുന്നത്. വ്യത്യസ്തങ്ങളായ സ്വരങ്ങളെക്കൊണ്ട് സംഗീതജ്ഞൻ സൃഷ്ടിക്കുന്ന സിംഫണി പോലെ ആശാൻ വ്യത്യസ്തങ്ങളായ കലകളെ ഉൾച്ചേർത്ത് ചിന്താവിഷ്ടയായ സീതയിൽ ഒരു കലാസിംഫണി സൃഷ്ടിച്ചിട്ടുണ്ട്. സാഹിത്യം, സംഗീതം, ചിത്രം, നാടകം എന്നീ കല

കൾ അവയിൽ ഉൾച്ചേർന്നിരിക്കുന്നു. കാവ്യാരംഭത്തിൽ,

"സുതർ മാമുനിയോടയോദ്ധ്യയിൽ
ഗതരായോരളവന്നൊരന്തിയിൽ
അതിചിന്ത വഹിച്ചു സീതപോയ്
സ്ഥിതിചെയ്താളുടജാന്ത വാടിയിൽ"

എന്നാരംഭിക്കുന്ന സീതയുടെ സ്ഥിതി ഒരു ചിത്രത്തിലെഴുതിയ പോലെയാണ് കവി വർണ്ണിക്കുന്നത്. പൂവാക വിതിർത്ത ശാഖകൾ അണിപ്പന്തലായത്, ഹരിനീലതൃണങ്ങൾ പട്ടുവിരിപ്പായത്, ആമ്പലുകളെക്കൊണ്ട് പുളകിതമായ കയം, വെണ്ണിലാവിന്റെ ശോഭയിൽ വെള്ളിയിൽ വാർത്തതുപോലെ കാറ്റിൽ ഇളകി നിൽക്കുന്ന വനരാജി, പൂക്കളെന്നപോലെ സീതയുടെ മുടിയിൽ പതിയുന്ന തൈജസകീടപംക്തി, കറുത്തിടതൂർന്ന മുടിയിൽ മിന്നാമിനുങ്ങുകൾ വന്നിരിക്കവേ, ആകാശത്ത് നക്ഷത്രങ്ങളെന്നപോലെ ഉണ്ടാകുന്ന ശോഭ - ഇങ്ങനെ പ്രകൃതി മനോഹരമായ രംഗത്തെ വരച്ചുവച്ചതുപോലെ നമ്മെ അനുഭവിപ്പിക്കുന്നു. തുടർന്ന് സീതയുടെ ഇരിപ്പു വർണ്ണിക്കുമ്പോഴ ാകട്ടെ, അനക്കമില്ലാതെയുള്ള ആ ഇരിപ്പിന്റെ ദൃശ്യവും നിശ്ചലമായ ഒരു ചിത്രത്തിലേതിനു സമമാണ് - വസ്ത്രം കൊണ്ടുടൽമൂടി, കൈകൾ തുടയിൽവച്ച് അളകങ്ങൾ കാറ്റിലുലയുമ്പോഴും അനങ്ങാത്ത നോട്ടത്തോടെ അല്പമടഞ്ഞ കണ്ണുകളോടെ, അകത്തെ ചിന്താതരംഗങ്ങൾ നിർമ്മലമായ മുഖത്ത് പല ഭാവങ്ങളെയും പ്രതിഫലിപ്പിക്കും വിധമുള്ള ആ രംഗം വായിക്കുന്നവർക്ക് മറക്കാനാവില്ല. ഈ ചിത്രം തീർക്കാൻ ആശാൻ തെരഞ്ഞെടുത്ത ചായക്കൂട്ടുകൾ നോക്കുക. - തൃണങ്ങളുടെ നിറം - ഹരിനീലമാണ്. രാമൻ ഹരിയാണെന്നോർക്കുക. ഭൂമീപുത്രിയായ സീതയുടെ സ്ഥിതി രാമനിൽതന്നെയാണ്. മനസ്സിലെ ചിന്തകളും രാമനെ ചുറ്റിപ്പറ്റിത്തന്നെ. അത്യഗാധമായ ചിന്ത





കൾക്കൊടുവിൽ എപ്പോഴാണോ രാമന്റെ നിഴലെന്നതിൽ നിന്നുമാറി സ്വന്തം വ്യക്തിത്വം സീത വീണ്ടെടുക്കുന്നത്, അപ്പോൾ ഹരിനീല തൃണങ്ങളാൽ താങ്ങപ്പെട്ട അവസ്ഥയിൽ നിന്നുമാറി അവൾ ഈ ലോകം തന്നെ വെടിയുകയാണ്. അന്ത്യശ്ലോകത്തിൽ, വാത്മീകിയുടെ പാദംമാത്രം നോക്കി നടന്ന്, പൗരസമക്ഷം നിൽക്കുന്ന പശ്ചാത്താപ വിവശനായ രാമനെ ഒന്നു നോക്കി, അതേ നിലയിൽ ലോകം വെടിയുന്ന സീതയുടെ ചിത്രം ഒറ്റ ശ്ലോകത്തിൽ ഒതുക്കിയിരിക്കുകയാണെങ്കിലും അതും മനസ്സിൽ പതിയുന്ന ചിത്രമാണ്.

മിക്കവാറും എല്ലാ പദ്യങ്ങളും സംഗീതഗുണമുള്ളവയാണ്. ആലാപനത്തിന് തടസ്സമുണ്ടാക്കാത്ത വിധത്തിലാണ് വാക്കുകളെ ഇണക്കിച്ചേർത്തിരിക്കുന്നത്. മിക്കവാറും പദ്യങ്ങളിൽ ഏതെങ്കിലുമൊരു വരി ദീർഘാക്ഷരത്തിൽ അവസാനിപ്പിക്കുക വഴി നീട്ടി ആലപിച്ച് സംഗീതസുഖം സൃഷ്ടിക്കാൻ സാധിക്കുന്നുമുണ്ട്. ലക്ഷ്മണനോടും മക്കളോടുമുള്ള വാത്സല്യം, വാത്മീകി മഹർഷിക്ക് സീതയോടുള്ള കാരുണ്യം, പുരനാരിമാരെക്കുറിച്ചുള്ള ചിന്തയിൽ വരുന്ന ജുഗുപ്സ, രാമന്റെ പ്രവൃത്തികളിൽ ഉണ്ടാകുന്ന കോപം, സ്വന്തം അവസ്ഥ വർണ്ണിക്കുന്നിടത്തുള്ള കരുണരസം/ ദയനീയത, വനത്തിൽ താമസിച്ചിരുന്ന പൂർവ്വകാലത്തെ സ്മരണയിൽ ഉദിക്കുന്ന പ്രണയം, ഇങ്ങനെ വ്യത്യസ്തങ്ങളായ ഭാവങ്ങളും സ്മരണകളിൽ അവതരിപ്പിക്കുന്ന രംഗങ്ങളും ചേർന്ന് ഒരു നാടകീയമായ ഭംഗി കൃതിക്ക് ലഭിക്കുന്നുണ്ട്.

**പ്രകൃതിയും പ്രകൃതവും**

സീതയുടെ ചിന്തകളാണ് കൃതിയിലെ മുഖ്യഭാഗം. 192 പദ്യങ്ങളിൽ 176-ഉം ചിന്തകളുടെ വിശദീകരണങ്ങളാണ്. ബാക്കി 16 പദ്യങ്ങളിൽ 12 എണ്ണം ആദ്യഭാഗത്ത് സീതയുടെ ഇരിപ്പും പശ്ചാത്തലവും വർണ്ണിക്കുവാൻ ഉപയോഗിച്ചിരിക്കുന്നു. ബാക്കി 4 എണ്ണം അന്ത്യത്തിൽ

കാവ്യസമാപനസമയത്ത് പ്രകൃതി വർണ്ണനയായും (1 പദ്യം) സീതാവസ്ഥയായും (1 പദ്യം) അനന്തരം കഥയുടെ രത്നച്ചുരുക്കവുമായാണ് (2 പദ്യങ്ങൾ), നൽകിയിരിക്കുന്നത്. ഇതിൽ 19-ാമത്തെ പദ്യത്തിൽ പ്രകൃതിയെ വർണ്ണിക്കുമ്പോൾ,

"അന്തിക്കു പൊങ്ങി വിലസീടിന താരജാലം
പന്തിക്കു പശ്ചിമപയോധിയണഞ്ഞു മുങ്ങി
പൊന്തിത്തുടങ്ങിയിതരോഡുഗണങ്ങൾ"

എന്നതിനോടു ചേർന്നാണ് തപസ്വിനിയുടെ "സീതേ എന്തിങ്ങിതെ"ന്ന ചോദ്യം ഉയരുന്നത്. അതായത് സീത ചിന്താവിഷ്ടയാകുന്നതിനു മുമ്പ് ഉദിച്ചുനിന്നിരുന്ന നക്ഷത്രങ്ങൾ പടിഞ്ഞാറൻ സമുദ്രത്തിൽ മുങ്ങുകയും പുതിയ നക്ഷത്രങ്ങൾ ഉദിച്ചു വരികയും ചെയ്തിരിക്കുന്നു. ഈ വർണ്ണനയ്ക്കകത്ത് ലീനധ്വനികൾ കണ്ടെത്താനാകും. രാമൻ അതുവരേയ്ക്കും സീതയുടെയും ഒപ്പം രാമായണം വായിക്കുന്നവരുടെയെല്ലാം ഹൃദയാകാശത്തിലുദിച്ച നക്ഷത്രമായിരുന്നു. സീത ചിന്താവിഷ്ടയാകുന്നതോടെ കാര്യങ്ങൾ മാറിമാറിയുകയാണ്. സീതയുടെ ചിന്തകൾ പങ്കു വയ്ക്കപ്പെടുന്ന വായനക്കാരനിലും ഇതേ മാറ്റം ഉണ്ടാകും. അയാളുടെ ഹൃദയാകാശത്തിലെയും രാമൻ കടലിലാഴുകയും പുതിയ നക്ഷത്രങ്ങൾ ആ സ്ഥാനത്ത് ഉദിക്കയും ചെയ്യുന്നുണ്ട്. കാലങ്ങളായി രാമായണം പാരായണം ചെയ്യുന്ന ലക്ഷക്കണക്കിന് മലയാളികളുടെ മനനാകാശത്തിലുദിച്ച പുത്തൻ നക്ഷത്രം തന്നെയാണ് 'ചിന്താവിഷ്ടയായ സീത' എന്നുപറയാം.

മനഃശാസ്ത്രപരമായി നോക്കിയാൽ ചിന്തയ്ക്ക് എപ്പോഴും കാരണമായിരിക്കുന്നത് പൂർവ്വസ്മരണയും നിശ്ചയിക്കുവാൻ കഴിയാത്ത ഭാവിയുടെ അരക്ഷിതാവസ്ഥയുമാണ്.





ചിന്തയുടെ സ്വരൂപം ആകാംക്ഷയാണ്.

സ്ത്രീകൾ പൊതുവെ തീവ്രമായ വികാരങ്ങൾക്ക് വിധേയരാകുമ്പോൾ അവരുടെ മനസ്സ് പ്രത്യാശയുടെയും ഭയത്തിന്റെയുമിടയിൽ ഊയലാടാറുണ്ട്. അതിന് മനഃശാസ്ത്രത്തിൽ ആംബിവാലൻസ് അഥവാ 'ഉഭയവൃത്തിത്വം' എന്നു പറയും. ആ അവസ്ഥയിലാണ്,

"നിഴലിൻവഴി പൈതൽ പോലെ പോ-
യുഴലാ ഭോഗമിരന്നു" ഞാനിനി എന്നും,

"പ്രണയം തലപൊക്കിടാതെയി-
ന്നണലിപ്പാമ്പു കണക്കെ നിദ്രയായ്"

എന്നും പറയുന്നത്. ഇതിൽ അണലിപാമ്പെന്ന പ്രയോഗം ശ്രദ്ധേയം.

"പരപുച്ഛവുമഭ്യസൂയയും
ദുരയും ദുരവ്യതിയാനാസക്തിയും
കരളിൽ കുടിവെച്ചു ഹാ! പര
മ്പരയായ് പൗരികൾ കെട്ടുപോയിതേ"!

എന്നിങ്ങനെ നഗരനാരികളുടെ അസൂയയും കൊള്ളിവാക്കും ഉപജാപങ്ങളുമെല്ലാം ഓർക്കാൻ തുടങ്ങിയതോടെയാണ് സീതയുടെ വിചാരധാരകൾ ഉണരുന്നതായി നാം കാണുന്നത്. 73, 79, 80, 81, 83 പദ്യങ്ങളിൽ ഈ വെറുപ്പ് വ്യക്തമായി അവതരിപ്പിക്കപ്പെടുന്നുണ്ട്. നഗര-കാനന ദ്വന്ദ്വങ്ങളിൽ, സീതയുടെ ചിന്തകൾ ഉണരുന്നതിന്റെ പശ്ചാത്തലഭൂമിക കാടിന്റെ തുറന്ന ഇടമാണെന്നതും നഗരത്തിൽ രാജഭരണത്തിൻകീഴിൽ പുറത്തേക്ക് വരാതെ ഞെരിഞ്ഞമർന്നിരുന്ന ശബ്ദമാണത് എന്നുകൂടി വായിച്ചെടുക്കേണ്ടതുണ്ട്. വാത്മീകി രാമായണത്തെ ഉപജീവിച്ച് അനേകം പേർ രചനകൾ നടത്തിയതിൽ ശ്രീ. കെ.ആർ. ശ്രീനിവാസ അയ്യങ്കാർ മാത്രമാണ് ആശാനു സമാനമായ രീതിയിൽ സീതയ്ക്കും മറ്റേവർക്കും സ്വതന്ത്രമായ ചിന്തകളും

സ്ഥാനവും നൽകിയിരിക്കുന്നത് എന്ന് 'സീത നൂറ്റാണ്ടുകളിലൂടെ' എന്ന ഗ്രന്ഥത്തിൽ ഗുരു നിത്യചൈതന്യയതി നിരീക്ഷിക്കുന്നു.

സുദീർഘമായ ചിന്താശേഷം, സീതയുടെ ജീവിതത്തെ 8 വരികളുള്ള ഒരു ചെറിയ പദ്യത്തിലൊതുക്കി കാവ്യം അവസാനിപ്പിക്കുകയാണ് ആശാൻ. ജീവിതത്തിനും മരണത്തിനും താരതമ്യേന ചെറിയ പ്രാധാന്യവും ചിന്തകൾക്ക് വലിയ പ്രാധാന്യവുമാണ് ഇവിടെ നൽകിക്കാണുന്നത്. " I think therefore I exist" എന്ന വാക്യം ഈ സന്ദർഭത്തിൽ സ്മരണീയം. ചിന്തിക്കുന്നില്ലെങ്കിൽ സീതയുടെ സ്വത്വത്തിന് പ്രാധാന്യമില്ല. ചിന്തയുടെ അന്ത്യം വ്യക്തിസ്വത്വത്തിന്റെ അന്ത്യം തന്നെയാണ്.

''വേണ്ടാ ഖേദമെടോ സുതേ! വരികയെ
ന്നോതും മുനീന്ദ്രന്റെ കാൽ
ത്തണ്ടാർ നോക്കി നടന്നധോവദനയായ് ചെന്ന
സ്സഭാവേദിയിൽ മിണ്ടാ
തന്തികമെത്തി, യൊന്നനുശയ
ക്ലാന്താസ്യനാം കാന്തനെ-
ക്കണ്ടാൾ പൗരസമക്ഷ,
മന്നിലയിലീലോകം വെടിഞ്ഞാൾ സതീ''

'അനുശയക്ലാന്താസ്യൻ' എന്ന് രാമനെ വിശേഷിപ്പിച്ചതിലൂടെ തന്നെ രാമൻ തെറ്റുകാരനാണെന്നടിവരയിട്ടു കഴിഞ്ഞു. പുരജനങ്ങൾക്ക് വേണ്ടിയാണല്ലോ രാമൻ സീതയെ ഉപേക്ഷിച്ചത്. അതേ പൗരസമക്ഷം, രാമനെ എന്നന്നേക്കുമായി ഉപേക്ഷിച്ച് സീത യാത്രയാവുകയാണ്. അവസാന വരിയിലെ 'സതി' എന്ന വിശേഷണം സീതയുടെ പാതിവ്രത്യത്തിനുള്ള അടിവരയിടൽ കൂടിയാണ്. അതുകൊണ്ടു തന്നെ, പതിവ്രതയായ സഹധർമ്മിണിയെ ഉപേക്ഷിച്ച രാമന്റെ പ്രവൃ





ത്തിയിലെ അധാർമ്മികതയും ക്രൂരതയും ഒന്നുകൂടി ഓർമ്മിക്കപ്പെടുന്നു.

സീതയുടെ മനഃസാക്ഷിയാകുന്ന കോടതിയിൽ നടത്തിയ വിചാരണയിൽ രാമനെ തെറ്റുകാരനെന്നും സീത നിരപരാധിയെന്നും സ്വയം കണ്ടെത്തുകയും, സീത രാമന് ശിക്ഷവിധിക്കുകയും ചെയ്യുന്നതോടെ (രാമനു നൽകിയ തുടർന്നുള്ള ഏകാന്തവാസം) സീതയെന്ന നായിക രാമനെന്ന നായകനെ അതിശയിച്ച്, രാമായണത്തെ സീതായനമെന്നു തിരുത്തി വായിക്കുന്നതിലേക്ക് നാം നയിക്കപ്പെടുന്നു. അല്ലെങ്കിലും സീതയില്ലെങ്കിൽ രാമായണമെന്ന കാവ്യത്തിന്റെ നട്ടെല്ലുതന്നെ ഇല്ലാതാകുമല്ലോ. ഒരു മനുഷ്യൻ എന്ന നിലയിലുള്ള രാമന്റെ എല്ലാ ബലഹീനതകളെയും അവതാരം എന്ന നിലയിലുള്ള എല്ലാ ശക്തിയെയും പ്രകടമാക്കാൻ കാരണമാകുന്നത് സീതയാണ്. രാമായണം പാരായണം ചെയ്തിട്ടുള്ള, സീതയെന്ന ഭൂമീപുത്രിയെ സ്നേഹിക്കുന്ന ലക്ഷോപലക്ഷം ജനങ്ങൾ കാലങ്ങളായി ഹൃദയത്തിൽ പേറുന്ന നിശ്ശബ്ദമായ വേദനയ്ക്കും മൗനമായ പ്രതിഷേധത്തിനും ശബ്ദം നൽകുകയാണ് ആശാൻ ചെയ്തത്.

**ലോകതത്ത്വങ്ങൾ**

സ്വയം ആശ്വാസം കണ്ടെത്തുന്നതിനായി സീതയുടെ ഉള്ളിൽ തെളിയുന്ന പല ചിന്തകളും സമൂഹത്തിന് പ്രയോജനപ്രദങ്ങളായ തത്ത്വങ്ങളോ പൊതുവിൽ ജീവി വർഗ്ഗത്തിന് ബാധകമായ നിയമങ്ങളോ ആണ്. ജീവിതത്തിന്റെ തുറന്നെഴുത്ത്, പൊതുതത്ത്വങ്ങളുടെ വെളിപ്പെടുത്തൽ, ഹൃദയദ്രവീകരണക്ഷമത-ഇതൊക്കെയും ക്ലാസ്സിക് കൃതികളുടെ പൊതു സവിശേഷതയാണല്ലോ.

''ഒരു നിശ്ചയമില്ലയൊന്നിനും
വരുമോരോ ദശ വന്നപോലെ പോം

വിരയുന്നു മനുഷ്യനെന്തിനോ
തിരിയാ ലോകരഹസ്യമാർക്കുമേ"
അഴലിന്നു മൃഗാദിജന്തുവിൽ
പഴുതേറീടിലുമെത്തിയാൽ ദ്രുതം
കഴിയാമതു മാനഹേതുവാ
ലൊഴിയാത്താർത്തി മനുഷ്യനേ വരൂ
"പരമിന്നതു പാർക്കിലില്ലതാൻ
സ്ഥിരവൈരം നിയതിക്കു ജന്തുവിൽ
ഒരു കൈ പ്രഹരിക്കവേ പിടി
ച്ചൊരു കൈകൊണ്ടു തലോടുമേയിവൾ"
"ഒരുവേള പഴക്കമേറിയാ
ലിരുളുംമെല്ലെ വെളിച്ചമായ് വരാം
ശരിയായ് മധുരിച്ചിടാം സ്വയം
പരിശീലിച്ചൊരുകയ്പുതാനുമേ"

എന്നിവയെല്ലാം ഉദാഹരണങ്ങൾ.

**സീതയുടെ ചിന്തകൾ**

യോഗശാസ്ത്രപ്രകാരം ക്ഷിപ്തം, മൂഢം, വിക്ഷിപ്തം, ഏകാഗ്രം, നിരുദ്ധം എന്നിങ്ങനെ 5 അവസ്ഥകളിലൂടെ സീതയുടെ ചിന്തകൾ കടന്നു പോകുന്നതായി ചില നിരൂപകർ നിരീക്ഷിക്കുന്നുണ്ട്. ക്ഷിപ്തമെന്നാൽ ചിതറിയ/രജോ അവസ്ഥയാണ്. നിയമം വിട്ട് തെന്നൽ മാതിരി, സുഖദുഃഖങ്ങളിലേക്ക് ഒരു പെൻഡുലം പോലെ ആടുന്ന സീതാമനസ്സ് ക്ഷിപ്താവസ്ഥയിലാണ്. രസബിന്ദു പോലെ, പൊരിയുന്ന നെന്മണി പോലെ എന്നൊക്കെയാണ് ഈ അവസ്ഥയെ കവി വർണ്ണിക്കുന്നത്. മൂഢമെന്നാൽ മങ്ങിയ /തമോ അവസ്ഥയാണ്. ഈ അവസ്ഥയിൽ മറ്റുള്ളവരെയും തന്നെത്തന്നെയും ഉപദ്രവിക്കാൻ





താല്പര്യമുണ്ടാകും. രാമനിൽ കളങ്കരേഖകൾ ദർശിക്കുന്നത് ഈയവസ്ഥയിലാണ്. ഇരുളാം ഹൃദയാങ്കണം എന്ന് സ്വയം വിശേഷിപ്പിക്കുന്നുമുണ്ട്, സീത. അടുത്തപടി, ചിതറുന്ന മനസ്സിനെ ഏകാഗ്രതയിലേക്കു കൊണ്ടുവരുവാനുള്ള ശ്രമമാണ് വാത്മീകിയുടെ വാക്കുകൾ അനുസ്മരിക്കുകയും ഗോദാവരി തടങ്ങളിൽ ഇരുമെയ്യാർന്ന ജീവിയെപ്പോലെ കഴിച്ച നാളുകളെക്കുറിച്ച് സീത ചിന്തിക്കുകയും ചെയ്യുന്നത് ഈ ശ്രമത്തിന്റെ ഭാഗമായാണ്. അടുത്തത് ഏകാഗ്രാവസ്ഥയാണ്. തമസ്സു മാറുന്നു. 170-ാം ശ്ലോകത്തിൽ സമുദ്രത്തിൽ ചെന്നണയുന്ന നദിപോലെയുള്ള അവസ്ഥ കാണാം. 177-ാം പദ്യം മുതൽ 182-ാം പദ്യം വരെ സമാധ്യാവസ്ഥയുടെ സൂചനകൾ കാണാം. ജന്മവാസനകളെ കഴുകിക്കളഞ്ഞ് സീത അന്ത്യയാത്ര പറയുന്നു. മനസ്സുപോലും നഷ്ടമാവുകയും സർവ്വവും എന്റെയായിടും എന്ന അഹം ബ്രഹ്മാസ്മി യിലേയ്ക്ക് ബോധതലം പ്രവേശിക്കുകയും ചെയ്യുന്നു.

ഈ രീതിയിൽ വിശകലനം ചെയ്യുമ്പോൾ ചിത്തവൃത്തി നിരോധത്തിലൂടെ അഹന്തയുടെ പുറംതോടു പൊട്ടിച്ച് ആത്മാവിന്റെ അഭൗമഭൂമിയിലേക്ക് ഉയർന്നു പൊങ്ങുന്ന കഥാപാത്രമായി സീതയെ നിരൂപിക്കാനാവും. തികച്ചും പച്ചയായ ഒരു തുറന്നെഴുത്തിനെ അംഗീകരിക്കാനുള്ള വൈമനസ്യംകൊണ്ടാവാം അഥവാ രാമായണത്തിലൂടെ കാലങ്ങളായി പരിചയിച്ച സീത, രാമനെതിരെ ചിന്തിക്കുന്ന ഒരുവളാണെന്നു വരുന്നത് താങ്ങാനാവാത്തതുകൊണ്ടാവണം, ആധുനികകാലനിരൂപകർപോലും ആശാനെ അനാവശ്യമായി ന്യായീകരിക്കാൻ ഇപ്രകാരം ആദ്ധ്യാത്മികതയുടെ കൂട്ടുപിടിക്കുന്നത് എന്നേ പറയാനാകൂ.

ലക്ഷ്മണനെക്കുറിച്ചും വാത്മീകി മഹർഷിയെക്കുറിച്ചുമാണ് സീത ആദ്യം സ്മരിക്കുന്നത്. തന്നെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്തവരെ തിരിച്ചറിയുകയും തന്റെ നിലപാടുകൾ തെറ്റി

പ്പോയതിൽ പശ്ചാത്തപിക്കുകയുമാണിവിടെ. ഇതോടെ, സീതയിൽ അല്പമെങ്കിലും ആരോപിക്കാമായിരുന്ന കളങ്കം കൂടി ഇല്ലാതാവുന്നു. എങ്കിലും

“കനിവാർന്നനുജ പൊറുക്ക ഞാൻ
നിനയാതോതിയ കൊള്ളിവാക്കുകൾ
അനിയന്ത്രിതമായ് ചിലപ്പൊഴീ
മനമോടാത്ത കുമാർഗ്ഗമില്ലെടോ”

എന്ന വരികൾ ഉദ്ധരിച്ചുകൊണ്ട് ലീലാവതി ടീച്ചർ സീതയുടെ ചിന്തകളെ മന:ശാസ്ത്രപരമായി അപഗ്രഥിക്കുന്നുണ്ട്.ലക്ഷ്മണനേയും വാത്മീകിയേയും സ്മരിച്ചശേഷം, രാമന്റെ പ്രവർത്തികളെ വിശകലനം ചെയ്യുന്ന സീത,

“ സഹജാർദ്രത ധർമ്മവാദിയാം
മഹനീയാത്മ ഗുണങ്ങൾ ഭൂപനെ
സഹധർമ്മണിയാൾക്കു മുമ്പു ഹാ!
സഹസാ വിട്ടുപരിഞ്ഞുപോയിതാൻ”

എന്ന തിരിച്ചറിവിലെത്തുന്നുണ്ട്.

അന്തരഗർവ്വമാകുന്ന മൂഷികനാണ് സമദൃഷ്ടി, സമാർത്ഥ ചിന്തനം, ക്ഷമ, അന്യോന്യഗുണാനുരാഗം എന്നിവയെ കരണ്ടുനശിപ്പിക്കുന്നത് എന്നതും

“വിഭോവന്നതി, കൃത്യവൈഭവം,
ശുഭാവിഖ്യാതി, ജയങ്ങൾ മേൽക്കുമേൽ
പ്രഭവിഷ്ണുതയെന്നിവറ്റയാൽ
പ്രഭവിക്കാം ദുരഹന്തയാർക്കുമേ”

എന്നും ആരോപിക്കുന്നു. ബാലിവധം, ശബൂകവധം തുടങ്ങിയ അനീതികളെയും ബന്ധപ്പെട്ട് ഈയവസരത്തിൽ സീത സ്മരിക്കു





ന്നുണ്ട്.

ഭാര്യയെ വേർപിരിയൽ കുടുംബപാര്യമ്പര്യത്തിലെ വിധിയായി സീത കണ്ടെത്തുന്നു. ഗർഭിണിയായ തന്നെ, പറയാതെ കൊടും കാട്ടിലുപേക്ഷിച്ചതിലും തന്റെ പാതിവ്രത്യത്തിൽ ശങ്കപൂണ്ടതിലും ഭർത്താവിനോടുണ്ടായ കോപതാപങ്ങൾ ഉൾത്തിങ്ങി പുറത്തേക്കു ഗമിച്ചതോടെ സീതയുടെ മനസ്സു വീണ്ടും തണുക്കുകയും രാമന്റെ അവസ്ഥയോർത്ത് ദുഖാകുല ആകുകയും ചെയ്യുന്നുണ്ട്. ഈ അവസരത്തിലാണ്

“ക്ഷുഭിതേന്ദ്രിയായ ഞാൻ ഭവാനിലി
ന്നുപദർശിച്ച കളങ്കരേഖകൾ
അഭിമാനിനിയാം സ്വകാന്തയിൽ
കൃപയാൽ ദേവ! ഭവാൻ ക്ഷമിക്കുക”

എന്ന് സീത മാപ്പു ചോദിക്കുന്നത്.

ആ നിമിഷം മുതൽ സീത പൂർവ്വാധികം ആത്മനിന്ദാപരമായി ചിന്തിക്കാൻ തുടങ്ങുകയാണ്. താൻമൂലം ഭർത്താവിനും ലോകത്തിനുമുണ്ടായ ദു:ഖങ്ങളോർത്ത്, വേദനയോടെ താൻ അരങ്ങിൽ നിന്നു പിരിയേണ്ട സമയമായെന്നു ചിന്തിക്കുന്നു. തുടർന്ന് പ്രകൃതിയോടുള്ള യാത്രമൊഴികളാണ്. താനുഭവിച്ച ദു:ഖങ്ങളെ പ്രതി ഉള്ളിലുയർന്ന പ്രതിഷേധത്തിന്റെയും വെറുപ്പിന്റെയും കവിഞ്ഞൊഴുകലോടൊപ്പം അത്തരം ചിന്തകളിൽ നിന്നും സീതയെ പിന്നോട്ടു വലിക്കുന്ന ശീലപ്രശ്നങ്ങളും കൃതിയിൽക്കാണാം രാമനോടുള്ള ദയാവായ്പും ന്യായീകരണവുമെല്ലാം ഇത്തരം അവസരങ്ങളിൽ ഇടയ്ക്കിടെ കടന്നുവരുന്നു. എതിർക്കുന്ന സീത, എതിർത്തതിനു മാപ്പ് ചോദിക്കുന്ന സീത. ഒരാൾ പുരോഗമനവാദി മറ്റേയാൾ യാഥാസ്ഥിതിക. ഇങ്ങനെയുള്ളതിനാലാകാം രണ്ടു സീതമാരുള്ള സീതാകാവ്യമെന്ന് ഈ

കൃതിയെ പി.കെ. ബാലകൃഷ്ണൻ വിശേഷിപ്പിക്കുന്നത്.

രാഘവനോടു മനസാ യാത്രചോദിക്കുന്നിടത്ത്, ആശ്രയമില്ലാതെ ഭയമറ്റു താൻ പറന്നുയർന്നു പോകുന്നതായാണു സങ്കല്പിക്കുന്നത്. ഇതിൽ, ഭയമറ്റ്, ആശ്രയംവിനാ എന്നീ പ്രയോഗങ്ങൾ ശ്രദ്ധേയം. അതുപോലെ താൻ വീണ്ടും രാമ സമക്ഷമെത്തി തെളിവു നൽകി, ഭാര്യാപദത്തിൽ വാഴണമെന്നു രാമൻ കരുതുന്നോ എന്നു ചിന്തിക്കുന്നിടത്ത് "ശരി! പാവയോയിവൾ!" എന്ന പ്രയോഗത്തിന് കരുത്തേറെയാണ്. ഇബ്സന്റെ 'പാവവീട്' അടക്കമുള്ള സ്ത്രീവാദ സംബന്ധിയായ പല രചനകളും ഈ സന്ദർഭത്തിൽ നാം ഓർമ്മിക്കുന്നു. സ്ത്രീപക്ഷവാദം കേരളത്തിൽ വേരുറയ്ക്കുന്നതിനും മുൻപാണ് ആശാൻ തന്റെ സ്ത്രീപക്ഷവാദപരമായ നിലപാടുകൾ വ്യക്തമാക്കിയതെന്നോർക്കണം. ആശാന്റെ നായികമാരെല്ലാം തന്നെ സ്വതന്ത്ര ചിന്താഗതിയുള്ളവരായിരുന്നു എന്നത് നാം ഇതിനോടു ചേർത്തു വായിക്കേണ്ടതാണ്. ഫെമിനിസ്റ്റ് വാദികൾ അപലപിക്കുന്ന വിവാഹമെന്ന 'കോൺട്രാക്റ്റ്' അഥവാ വ്യവസ്ഥിതിയെ ആശാന്റെ സീതയും ഇകഴ്ത്തിപ്പാടുന്നുണ്ട്. ഭൂമിയിൽ അധഃപതിച്ചുപോയ സമ്പ്രദായമായാണ് സീത വിവാഹത്തെ കണക്കാക്കുന്നത്. ആധുനിക കാലത്തുപോലും സ്ത്രീകൾ തുറന്നുപറയാൻ/സമ്മതിക്കാൻ മടിക്കുന്ന കാര്യമാണ് ആശാൻ സീതയെക്കൊണ്ടു പറയിപ്പിക്കുന്നത് എന്നോർക്കുക.

അടിമയാകാതെ, ആശ്രയിക്കാതെ, പാവയാകാതെ, ഭയമില്ലാതെയുള്ള ജീവിതമാണ് ഏതൊരു സ്ത്രീയും ആഗ്രഹിക്കുന്നത്. അതില്ലാത്ത ജീവിതത്തേക്കാൾ ഭേദം മരണമാണ്. "പാരതന്ത്ര്യം മാനികൾക്ക് മൃതിയേക്കാൾ ഭയാനകം" എന്ന് ആശാൻ തന്നെ പാടിയിട്ടുണ്ടല്ലോ. ആശാന്റെ സീത മാനിയായിരുന്നു.





സ്ത്രീയെന്നാൽ പാവയായ ശരീരം മാത്രമല്ല എന്നും, തനതായ ചിന്താശേഷിയും ആഗ്രഹങ്ങളും വികാരങ്ങളുമുള്ള ഒരു മനസ്സുകൂടി അവൾക്കുണ്ട് എന്നുമുള്ള തിരിച്ചറിവാണ് ആശാൻ സമൂഹത്തിനു നൽകിയത്. ഭാരതീയ ജനതയുടെ സമഷ്ടിബോധത്തിൽ ചിരപ്രതിഷ്ഠനേടിയ സ്ത്രൈണ മാതൃകയാണ് സീത. ആ മാതൃകയിൽ കാലാനുസൃതമായ വലിയമാറ്റമാണ് ആശാൻ സൃഷ്ടിച്ചത്.

**നാരായണ ഗുരുവിന്റെ സ്വാധീനം**

ആശാൻ എന്ന കവിയെ ഉരുവപ്പെടുത്തുന്നതിൽ നാരായണ ഗുരുവിന് വലിയ പങ്കുണ്ടെന്നുള്ളതിൽ തർക്കമില്ല. വീണപൂവു മുതൽ കരുണ വരെയുള്ള എല്ലാ കാവ്യങ്ങളിലും അതു സുവ്യക്തമാണ്. ഭൗതിക ജീവിതത്തിന്റെ നശ്വരത, അഭൗമമായ പ്രണയം, അദ്വൈത ദർശനം, ജാതീയതയോടുള്ള എതിർപ്പ്, ജീവാത്മ - പരമാത്മ ബന്ധം മുതലായ ആശയങ്ങൾ കവിതയിൽ സന്നിവേശിപ്പിക്കുന്നതിൽ ആശാനുപ്രേരണയായത് നാരായണഗുരുവിന്റെ ശിഷ്യപദവിയിൽ നിന്നു ലഭിച്ച അറിവുതന്നെയാണ്. അദ്വൈതദർശനത്തെ പ്രായോഗികമാക്കിയ നാരായണഗുരു, ചാതുർവർണ്യവ്യവസ്ഥിതി മൂലം സൃഷ്ടിക്കപ്പെട്ട ജാതിവ്യവസ്ഥയെ ഇല്ലായ്മ ചെയ്യാൻ പ്രയത്നിച്ച മഹദ് വ്യക്തിയാണ്. ചാതുർവർണ്യ വ്യവസ്ഥിതിയെ സൃഷ്ടിച്ചത് ആര്യ സംസ്ക്കാരവും, അതുമൂലം അധോഗതിയിലായത് ശൈവാരാധകരായ ദ്രാവിഡവിഭാഗവും ആണല്ലോ. ആയതിനാൽത്തന്നെ, ഗുരു, അധഃകൃതരായി മാറ്റപ്പെട്ട് മൃഗതുല്യമായ ജീവിതം നയിച്ചുപോന്ന ദ്രാവിഡവിഭാഗത്തിലെ സാധാരണക്കാർക്ക് ആത്മവിശ്വാസവും ജീവിതോന്നമനവും നൽകുവാനായി ദ്രാവിഡദൈവങ്ങളെ ആരാധിക്കുവാനുള്ള വഴിയൊരുക്കി. ക്ഷേത്രപ്രതിഷ്ഠകളിൽ നിന്നാണ് ഗുരുവിന്റെ സാമൂഹിക പ്രവർത്തനങ്ങളുടെ ആരംഭവും. ദ്രാവിഡ സ്വത്വത്തെ വീണ്ടെടുത്തു നൽകുക

യായിരുന്നു ഗുരു ചെയ്തത്. ഈ ആശയങ്ങളും ആശാന്റെ ഉള്ളിൽ ആഴത്തിൽ പതിഞ്ഞിരിക്കണം. 'ചിന്താവിഷ്ടയായ സീത'യെ സസൂക്ഷ്മം പരിശോധിച്ചാൽ ആശാനുവേണ്ടി സീത സംസാരിക്കുന്നത്/ചിന്തിക്കുന്നത് മനസ്സിലാക്കാനാകും. അന്നത്തെ വ്യവസ്ഥിതിയനുസരിച്ച് ഭർത്താവ് എന്തുചെയ്താലും പിന്തുണക്കേണ്ടതായ സീത, രാമനെതിരെ തിരിഞ്ഞു നിന്ന് ആരോപണങ്ങളും വിമർശനങ്ങളും നടത്തുന്നുണ്ട്. രാമന്റെ പ്രവർത്തികളെ അവലോകനം ചെയ്യുമ്പോൾ, ശംബൂകവധവും ബാലിവധവുമെല്ലാം തെറ്റായിരുന്നുവെന്ന് ആശാന്റെ സീത ചിന്തിക്കുന്നുണ്ട്. അതിൽ രാമനെയാണ് സീത തെറ്റുകാരനായി കണക്കാക്കുന്നത്. ശംബൂകൻ ഒരു ദളിതനായ സന്യാസി ആയിരുന്നു. ബാലിയും സമാനമായി താഴ്ന്ന വാനരവർഗ്ഗത്തിൽപ്പെട്ട വ്യക്തിയാണെന്നോർക്കുക. രാമൻ മാത്രമല്ല ആ പരമ്പരയിലെ പൂർവ്വീകരും ഇത്തരം വീഴ്ചകൾ വരുത്തിയിട്ടുള്ളതാണെന്നു പറയുവാനും സീത മടിക്കുന്നില്ല. ആര്യവംശത്തിന്റെ കുലാഭിമാനവും മാതൃകാ പുരുഷനുമായ രാമനെ ന്യായവിചാരണ ചെയ്ത് പഴിക്കുന്നതിലൂടെ ആ വർഗ്ഗത്തിന്റെ തന്നെ ഔന്നിത്യത്തെയും നീതിബോധത്തെയും നിലംപരിശാക്കുകയാണിവിടെ. പുരനാരിമാരെ ഭർസിക്കാനും സീത മടിക്കുന്നില്ലല്ലോ. സ്ത്രീയേയും ദളിതനേയും അരികുകളിലേക്ക് മാറ്റിനിർത്തിയ ഒരു വ്യവസ്ഥിതിയെ, അതിന്റെ നായകനെ നിന്ദിക്കുന്നതിലൂടെ മൊത്തത്തിൽ അവഹേളിച്ച്, അതിലൂടെ അടിമത്തം അനുഭവിച്ചവർ ആത്മസംതൃപ്തി നേടുന്നതിന്റെ മന:ശാസ്ത്രം കൂടി ഈ കൃതിക്കുണ്ട്. ആശാന്റെ സീത ആശാൻ തന്നെയാണ്. സീതയുടെ ചിന്തകൾ ആശാന്റെ ജാതിവിരുദ്ധ ആശയങ്ങളിൽ നിന്നും ഉദിച്ചവയും.





## ഉപസംഹാരം

100 വർഷങ്ങൾ പിന്നിടുമ്പോഴും ചിന്താവിഷ്ടയായ സീത സാമൂഹിക പ്രാധാന്യമർഹിക്കുന്നത് അതിലൂടെ ആശാൻ സ്വീകരിച്ച സ്ഥൈര്യമാർന്ന നിലപാടുകളുടെ സ്വാധീനത്താലാണ്. വ്യവസ്ഥിക്കെതിരെ ചിന്തകളിലൂടെ കലഹിച്ച സീത, മാറ്റമാഗ്രഹിക്കുന്ന സമൂഹത്തിന് മാതൃകയും പ്രചോദനവുമായിത്തീരുന്നു. സീതയിൽ സ്ത്രൈണ മാതൃക കണ്ടെത്തുന്ന പാരമ്പര്യവാദികളെ അധികം വേദനിപ്പിക്കാതെ തന്നെ വിപ്ലവത്തിന്റെ കൊടിപറത്താൻ ആശാനു സാധിച്ചു. മന:ശാസ്ത്രപരമായ സമീപനത്തിലൂടെയുള്ള അവതരണവും കലാപരമായ മേന്മയും ഒത്തുചേർന്ന് കാവ്യത്തെ ആകർഷകമാക്കിത്തീർക്കുന്നു. രൂപപരമായും ഭാവപരമായും ഒരു ക്ലാസ്സിക് കൃതിക്ക് വേണ്ടതായ മഹിമ ഉൾച്ചേർക്കാൻ ആശാനു സാധിച്ചുവെന്നത് 'ചിന്താവിഷ്ടയായ സീത'യ്ക്ക് എക്കാലവും തിളക്കമേകുന്നു. കാലാനുസൃതമായ മാറ്റങ്ങൾ പാത്രത്തിൽ സന്നിവേശിപ്പിക്കുക വഴി കാലാനുസൃതമായ ആഖ്യാനങ്ങൾക്കുള്ള സാധ്യതയും കൃതി നേടി. വിപ്ലവത്തിന്റെ ശുക്ലനക്ഷത്രമെന്ന് പിൽക്കാലത്ത് വിശേഷിപ്പിക്കപ്പെട്ട ആശാന്റെ വിപ്ലവാത്മകമായ വലിയൊരു ചുവടുവെയ്പ്പുതന്നെയാണ് ചിന്താവിഷ്ടയായ സീത.

## സഹായകഗ്രന്ഥങ്ങൾ

1. ആശാന്റെ പദ്യകൃതികൾ - എൻ. കുമാരനാശാൻ, കറന്റ് ബുക്സ്, കോട്ടയം, 1990
2. ആശാനെക്കുറിച്ച് എഴുതിയതെല്ലാം- ഗുരു നിത്യചൈതന്യയതി, മലയാള പഠന ഗവേഷണ കേന്ദ്രം, തൃശ്ശൂർ, 2011

3. ആശാനും ഭാരതീയ ദർശനങ്ങളും - ഡോ. എ. ഗോപിനാഥൻ, ഡി.സി.ബുക്സ്, കോട്ടയം, 1993.

4. സീതയിലെ സീത - പി. ഗീത, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2014

5. സീത നൂറ്റാണ്ടുകളിലൂടെ - നിത്യചൈതന്യയതി, നാരായണഗുരുകുലം, വർക്കല, 2000

6. ആശാൻ കവിത ഒരു പഠനം - ജോസഫ് മുണ്ടശ്ശേരി, കറന്റ് ബുക്സ്, തൃശ്ശൂർ, 1995

7. ചിന്താവിഷ്ടയായ സീത സ്വാതന്ത്ര്യത്തിന് ഒരു നിർവ്വചനം - എം.കെ. സാനു, എസ്.പി.സി.എസ്., കോട്ടയം, 2019

8. ആശാൻ കവിത - കെ.ആർ. തിരുനിലത്ത്, ശ്രീനിപബ്ലിക്കേഷൻസ്, ഇടപ്പിള്ളി, 1988

9. ആശാന്റെ പണിപ്പുര - ഡോ.എം.എം. ബഷീർ, നവകേരള കോ-ഓപ്പറേറ്റീവ് കോ-ഓപ്പറേറ്റീവ് പബ്ലിഷിങ്ങ് ഹൗസ്, കോഴിക്കോട്,1985

10. കാവ്യകല കുമാരനാശാനിലൂടെ - പി.കെ. ബാലകൃഷ്ണൻ, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം,1970







11. ആശാൻ കവിത ആധുനികാനന്തരപാഠങ്ങൾ - പി.പവിത്രൻ, സാംസ്ക്കാരിക പ്രസിദ്ധീകരണ വകുപ്പ്, തിരുവനന്തപുരം, 2002

12. ആശാൻ കവിത പുരാവൃത്തപഠനം - ഡോ.നെല്ലിക്കൽ മുരളീധരൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം,2000

13. ആശാന്റെ സീതാകാവ്യം - സുകുമാർ അഴീക്കോട്, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം,1954

14. വാത്മീകിയുടെ സീത - വി.പനോളി, മാതൃഭൂമി പബ്ലിക്കേഷൻസ്, കോഴിക്കോട്, 1968

ISSN 2319-3263

# സാഹിത്യ ലോകം

കേരള
സാഹിത്യ
അക്കാദമി

വാള്യം 49 | ലക്കം 2 2020 മാർച്ച്-ഏപ്രിൽ



## പെൺമലയാളം

### ജീവിതത്തിന്റെ സ്ത്രീപക്ഷവായനകൾ



# ഉള്ളടക്കം


07 പ്രണയത്തിന്റെ
ഇരട്ടമുഖം
**ഡോ. മ്യൂസ് മേരി ജോർജ്ജ്**

16 തുല്യത: പുതുലോക നിർവ്വചനങ്ങളിലേക്ക്
**ഡോ. മൈന ഉമൈബാൻ**

25 പുതുകഥകളിലെ ലിംഗരാഷ്ട്രീയം
**ജിസ ജോസ്**

43 അദൃശ്യകാലങ്ങൾ, അതിജീവനങ്ങൾ
**ഡോ. ബീന എം.കെ.**

61 സ്ത്രീയുടെ സാമ്പത്തികാധികാരം:
മാക്കം മുതൽ പല്ലവി വരെ
**ലക്ഷ്മി പി.**

71 എഴുത്തും പോരാട്ടവും
**അഞ്ജലി എ.**

79 മുദ്രാവിനിമയങ്ങളിലെ അർത്ഥവും രസവും:
ധൈഷണികസൗന്ദര്യശാസ്ത്രവായന
**ഡോ. കെ. സംപ്രീത**

94 *ലക്ഷ്മീഭായി*യിലെ പെണ്ണെഴുത്തുകൾ
**ഡോ. ടി.എച്ച്. ജിത**

102 കവിത
തലകുത്തനെ
**വിജില**



ലക്ഷ്മീഭായി



ചരിത്രത്തിലൂടെ

■ ഡോ. ടി.എച്ച്. ജിത

# ലക്ഷ്മീഭായിയിലെ പെണ്ണെഴുത്തുകൾ

മലയാളത്തിലെ ആദ്യവനിതാമാസികയായ കേരളീസുഗുണബോധിനി തുടങ്ങിയത് പുരുഷന്മാരാണെന്നതിൽ ആശ്ചര്യത്തിനു വകയില്ല. സാമൂഹികവും രാഷ്ട്രീയവും സാഹിത്യപരവുമെന്നുവേണ്ട, അതുപോലുള്ള സമസ്തമേഖലകളും പുരുഷന്മാരാൽ നിയന്ത്രിക്കപ്പെട്ടിരുന്ന അക്കാലത്ത് സ്ത്രീകൾക്കായി ഒരു മാസിക ആരംഭിക്കാൻ ഒരു പുരുഷകേന്ദ്രിതസമൂഹത്തിലുള്ളവർക്കു തോന്നിയെന്നതിലാണ് ആശ്ചര്യപ്പെടാൻ വകയുള്ളത്. എന്നാൽ സ്ത്രീപരിഷ്കരണം ലക്ഷ്യമിട്ടു തുടങ്ങിയ അത്തരം മാസികകളുടെ ഉള്ളടക്കം ലക്ഷ്യത്തിനു ചേർന്നതായിരുന്നില്ല. സ്ത്രീവിവേചനത്തിന് അടിസ്ഥാനമായിരുന്ന സങ്കല്പങ്ങളെല്ലാംതന്നെ ഇത്തരം മാസികകളുടെ ഉള്ളടക്കങ്ങളുടെയും താങ്ങുതൂണുകളായി മാറി. രാഷ്ട്രീയം, മതം, വിദ്യാഭ്യാസം - ഇത്തരം വിഷയങ്ങളൊന്നും പൊതുവേ ചർച്ച ചെയ്യപ്പെട്ടില്ല. സ്ത്രീധർമ്മമെന്ന് പുരുഷന്മാർ കൊണ്ടാടിയ ഘടകങ്ങളെ പോഷിപ്പിക്കാനുതകുന്ന വിഷയങ്ങൾ മാത്രമായിരുന്നു ഈ മാസികകൾ പ്രകാശിപ്പിച്ചത്. പല മാസികകളിലെയും എഴുത്തുകാരിൽ സിംഹഭാഗവും പുരുഷന്മാർതന്നെ ആയിരുന്നുതാനും.

ഗാർഹികവും സാമൂഹികവും സർഗ്ഗാത്മകവുമായ കർമ്മങ്ങളെല്ലാംതന്നെ സന്തുലിതമാക്കി നിർത്തിക്കൊണ്ട് മുന്നോട്ടുപോകാൻ ശ്രമിച്ച അന്നത്തെ 'വീടാം കൂട്ടിൽ കുടുങ്ങിയ തത്തമ്മ'കൾക്കാകട്ടെ, ദൂരെ വിദ്യയുടെയും

സ്വാതന്ത്ര്യത്തിന്റെയും ആകാശവിസ്തൃതി കണ്ടു കൊതിയിറക്കി നിൽക്കാനേ സാധിച്ചുള്ളൂ. പലരും ആകാശം കണ്ടതുപോലുമില്ല. എന്നാൽ പിൽക്കാലത്തുണ്ടായ പല സാമൂഹിക-സാംസ്കാരിക-സാഹിത്യ ചലനങ്ങളും പാരതന്ത്ര്യത്തിന്റെ കൂടു തുറന്ന് അനന്തസാദ്ധ്യതകളിലേക്കു ചിറകടിക്കാനുള്ള മനോബലത്തേയും ഇച്ഛാശക്തിയേയും അവർക്കു പകർന്നു നൽകുകയുണ്ടായി.

*ശാരദ, ലക്ഷ്മീഭായി, മഹിള, ശ്രീമതി, വനിതാ കുസുമം, മലയാള മാസിക* തുടങ്ങിയ ആദ്യകാല സ്ത്രീമാസികകളിൽ ലക്ഷ്യത്തോടു നീതിപുലർത്തിയ ഉള്ളടക്കംകൊണ്ടും നിലനിന്ന കാലത്തിന്റെ ദൈർഘ്യംകൊണ്ടും മുൻപന്തിയിൽ നിൽക്കുന്നത് *ലക്ഷ്മീഭായി* മാസികയാണ്. റാണി ലക്ഷ്മീഭായിത്തമ്പുരാട്ടിയുടെ സ്മരണാർത്ഥം 1905-ൽ തൃശ്ശൂരിൽനിന്നും ആരംഭിച്ച് 1940 വരെ നിലനിന്ന സ്ത്രീമാസികയാണ് *ലക്ഷ്മീഭായി.* വെള്ളായ്ക്കൽ നാരായണമേനോനായിരുന്നു ഇതിന്റെ പ്രസാധകൻ. സ്ത്രീരചനകളും സ്ത്രീസംബന്ധിയായ ലേഖനങ്ങളുമായി പുറത്തുവന്ന ഈ മാസികയിൽ തോട്ടയ്ക്കാട്ട് ഇക്കാവമ്മ, തരവത്ത് അമ്മാളുഅമ്മ, ബി. കല്യാണിഅമ്മ, ടി.ഡി. കല്യാണിഅമ്മ, കുട്ടികുഞ്ഞുതങ്കച്ചി എന്നിങ്ങനെ നിരവധി സ്ത്രീ എഴുത്തുകാർ പ്രത്യക്ഷപ്പെട്ടിരുന്നു. ഇന്ന് സാഹിത്യഗവേഷകരും പഠിതാക്കളും സാഹിത്യതത്പരരും പഴയകാല ആനുകാലികങ്ങളിലെ എഴുത്തുകൾക്കും എഴുത്തുകാർക്കും അർഹമായ പ്രാധാന്യം നൽകി പൊതുശ്രദ്ധയിലേക്കു കൊണ്ടുവരുന്നതു കാണാം. എന്നാൽ മലയാളത്തിൽ എഴുതപ്പെട്ട ഭൂരിപക്ഷം സാഹിത്യചരിത്രഗ്രന്ഥങ്ങളിലും ഈ എഴുത്തുകാരികൾക്കു പ്രാധാന്യമോ സ്ഥാനംതന്നെയോ നൽകിക്കാണുന്നില്ല. സ്ത്രീകൾക്കായുള്ള മാസികയെന്ന നിലയിൽ സ്ത്രീകൾക്കായി ശബ്ദമുയർത്തുക, അവരെ ബൗദ്ധികമായി ഉണർത്തുക, ഉയർത്തുക, അവരുടെ സാമൂഹികനില മെച്ചപ്പെടുത്തുക - തുടങ്ങിയ ധാർമ്മിക ഉത്തരവാദിത്തങ്ങൾ 35 വർഷം ഭംഗിയായി നിർവ്വഹിച്ച മാസികയാണ് *ലക്ഷ്മീഭായി* എന്നത് എടുത്തുപറയേണ്ടതുണ്ട്.

സ്ത്രീപക്ഷവാദപരമായ സ്വരം ആദ്യമായി മലയാളസാഹിത്യത്തിൽ ഉയർന്നുവന്നത് കുമാരനാശാനിലൂടെയും വി.ടി. ഭട്ടതിരിപ്പാടിലൂടെയുമാണെന്ന് പല സാഹിത്യചരിത്രകാരന്മാരും കണക്കുകൂട്ടുന്നു. എന്നാൽ അതിനും മുൻപുതന്നെ സ്ത്രീപ്രശ്നങ്ങളെ അവതരിപ്പിച്ചുകൊണ്ടും സ്ത്രീവിഭാഗത്തിന്റെ പരിഷ്കരണാവശ്യത്തെ മുന്നിൽക്കണ്ടുകൊണ്ടുമുള്ള അനേകം ലേഖനങ്ങൾ സ്ത്രീകൾതന്നെ രചിച്ചിട്ടുണ്ടെന്നുള്ളതിന് *ലക്ഷ്മീഭായി* മാസിക തെളിവു നൽകുന്നു. ഇരുപതാം നൂറ്റാണ്ടോടെ സാഹിത്യരംഗത്ത് വ്യാപകമായ ജനാധിപത്യബോധത്തിനും സമത്വവീക്ഷണത്തിനും സ്ത്രീവാദപരമായ പുത്തനുണർവ്വിനും അടിസ്ഥാനമായ മാറ്റങ്ങൾ അക്കാലത്തുതന്നെ ആരംഭിച്ചുകഴിഞ്ഞിരുന്നു എന്നതിന് ഈ ലേഖനങ്ങൾ സാക്ഷ്യം വഹിക്കുന്നു. വമ്പിച്ച ഒരു പരിവർത്തനത്തിന്റെ ദീർഘമായ ഒരു കാലയളവിനുശേഷം തിരിഞ്ഞുനോക്കുമ്പോൾ അന്നത്തെ ആ ലേഖനങ്ങൾ കാമ്പു കുറഞ്ഞവയും അപ്രസക്തവും ആയി തോന്നിയേക്കാം. എന്നാൽ വരേണ്യവർഗ്ഗത്തെ കേന്ദ്രീകരിച്ചുനിന്ന പുരുഷാധിപത്യപരമായ നിലപാടുകളെക്കുറിച്ചും ഒരു മാറ്റത്തിന്റെ ആവശ്യകതയെക്കുറിച്ചും അന്നുതന്നെ സ്ത്രീകൾ ചിന്തിക്കുകയും അവരുടെ ചിന്തകളെ പ്രകാശിതങ്ങളാക്കുകയും ചെയ്തുവെന്നത് ചരിത്രാന്വേഷികളുടെ ശ്രദ്ധയിൽപ്പെടാതെ പോയി. എന്നാൽ ഇത് ഏറെ പരിഗണന അർഹിക്കുന്നതായ ഒരു കാര്യമായി തോന്നുന്നു.



അപരിഷ്കൃതമെന്നു കരുതപ്പെടുന്ന സമൂഹങ്ങളിൽപ്പോലും രാജ്യഭരണകാര്യങ്ങളിലും മറ്റും സ്ത്രീകൾക്കു നൽകപ്പെടുന്ന സ്ഥാനത്തെ ഉദാഹരിച്ചുകൊണ്ട്, ‘‘പരിഷ്കാരത്തിന്റെ പരമകാഷ്ഠയെ പ്രാപിച്ചവരെന്ന് അഭിമാനിക്കുന്ന നാം ‘ന സ്ത്രീ സ്വാതന്ത്ര്യമർഹതി’ എന്ന് ഉരുവിട്ടുംകൊണ്ട് അവരെ അടിമകളെപ്പോലെ വിചാരിച്ചുവരുന്നതു ലജ്ജാവഹമല്ലേ?’’ എന്ന ചോദ്യമെറിയുന്ന കെ. അമ്മുക്കുട്ടിയമ്മയുടെ ‘സ്ത്രീരാജ്യഭരണം’ എന്ന ലേഖനം (*ലക്ഷ്മീഭായി* 1087 പുസ്തകം 8 ഇടവം നമ്പർ 2 പുറം 42), സ്ത്രീധനസമ്പ്രദായത്തിനെതിരേ കെ. പത്മാവതിഅമ്മ എഴുതിയ ‘പരിഷ്കൃതരീതിയിലുള്ള മലയാളി വിവാഹം’ എന്ന ലേഖനം (*ലക്ഷ്മീഭായി* 1088 പുസ്തകം 8 തുലാം നമ്പർ 7 പുറം 231), നായർ റെഗുലേഷൻ ആക്ട് പാസ്സാക്കിയതുമൂലം പെണ്ണുങ്ങൾക്കു പ്രാധാന്യമേറുകയും മലയാളം യഥാർത്ഥത്തിൽ പെൺമലയാളമാവുകയും ചെയ്തു എന്നു കൊണ്ടാടുന്ന ലേഖനമായ ‘പെൺമലയാളം അല്ലെങ്കിൽ ത്രിഭാഗശേഷം’ (കെ. കാർത്ത്യായനിഅമ്മ, *ലക്ഷ്മീഭായി* 1088 പുസ്തകം 8 ധനു നമ്പർ 9 പുറം 320) എന്ന ലേഖനം, അമേരിക്കയിലെ സ്ത്രീകളുടെ വിദ്യാഭ്യാസം, ജോലി, സമത്വം എന്നിവയെക്കുറിച്ച് എം. ചെല്ലമ്മ എഴുതിയ ‘അമേരിക്കയിലെ സ്ത്രീകൾ’ (*ലക്ഷ്മീഭായി* 1088 പുസ്തകം 8, മകരമാസം നമ്പർ 10 പുറം 342) എന്ന ലേഖനം, സ്ത്രീകളുടെ പരിഷ്കാരത്തിനും ഉന്നമനത്തിനും വേണ്ടി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഉദ്ബോധിപ്പിച്ചുകൊണ്ട് സി. രുക്മിണിഅമ്മ എഴുതിയ ‘കണ്ണൂർ സ്ത്രീസമാജം’ എന്ന ലേഖനം (*ലക്ഷ്മീഭായി* 1083 പുസ്തകം 4 കർക്കടകം നമ്പർ 4 പുറം 161), ഗൃഹസ്ഥകൾ സ്വയം തൊഴിൽ കണ്ടെത്തേണ്ടതിന്റെ ആവ

”

**കുമാരനാശാനും വി.ടി.ക്കും മുൻപുതന്നെ സ്ത്രീപ്രശ്നങ്ങളെ അവതരിപ്പിച്ചുകൊണ്ടും സ്ത്രീവിഭാഗത്തിന്റെ പരിഷ്കരണാവശ്യത്തെ മുന്നിൽക്കണ്ടുകൊണ്ടുമുള്ള അനേകം ലേഖനങ്ങൾ സ്ത്രീകൾതന്നെ രചിച്ചിട്ടുണ്ടെന്നുള്ളതിന് 'ലക്ഷ്മീഭായി' മാസിക തെളിവു നൽകുന്നു.**

ശ്യകതയെ ഉദ്ബോധിപ്പിച്ചുകൊണ്ടുള്ള പാറയ്ക്കൽ ഗൗരിയമ്മയുടെ 'മാതാവിന്റെ മുറ'യെന്ന ലേഖനം (*ലക്ഷ്മീഭായി* 1084 പുസ്തകം 4, മകരം നമ്പർ 10 പുറം 453), മറ്റു രാജ്യങ്ങളിലെ സ്ത്രീകളുടെ സ്ഥിതി വിവരിച്ചുകൊണ്ട് ഇന്ത്യയിലെ സ്ത്രീകളുടേതുമായി താരതമ്യം ചെയ്ത് ഇവിടത്തെ സ്വാതന്ത്ര്യമില്ലായ്മയെ ഓർമ്മപ്പെടുത്തുകയും അതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുകയും ചെയ്യുന്ന, കെ. പത്മാവതിഅമ്മയുടെ 'വിവിധ രാജ്യസ്ത്രീകൾ' (*ലക്ഷ്മീഭായി* 1085 പുസ്തകം 6 ഇടവം നമ്പർ 2 പുറം 73) എന്ന ലേഖനം, ''സ്ത്രീകൾ മനുഷ്യസമുദായത്തിന്റെ ഗണ്യമായ ഒരു അർദ്ധമാണെന്നു പരക്കെ ബോദ്ധ്യമായിക്കഴിഞ്ഞിരിക്കുന്നു. 'ന സ്ത്രീ സ്വാതന്ത്ര്യമർഹതി' എന്നുള്ള പ്രമാണം മനുസ്മൃതിയിൽ മാത്രമേയുള്ളൂ. സ്ത്രീകൾ പുരുഷന്മാരുടെ കളിപ്പാട്ടമാണെന്നുള്ള വിശ്വാസം നീങ്ങിത്തുടങ്ങിയിരിക്കുന്നു...'' എന്നു തുടങ്ങി, സ്ത്രീവിദ്യാഭ്യാസത്തെയും ഉന്നമനത്തെയും എതിർക്കുന്നവർ ദീർഘദൃഷ്ടിയില്ലാത്തവരും അബദ്ധധാരണയുള്ളവരുമാണെന്നു സ്ഥാപിക്കുന്ന, കളപ്പാട്ട് കല്യാണിയമ്മയുടെ 'ഒരു പ്രസംഗം' (*ലക്ഷ്മീഭായി* 1084 പുസ്തകം 15 എടവം നമ്പർ 2 പുറം 67), സ്ത്രീകൾക്ക് ശൈശവവിവാഹം എപ്രകാരം ദോഷം ചെയ്യുന്നു എന്നു വിശദീകരിക്കുന്ന 'ശൈശവ വിവാഹം' എന്ന ലേഖനം (ഐ. ദേവകിഅമ്മ, *ലക്ഷ്മീഭായി* 1080 പുസ്തകം 1 മിഥുനം നമ്പർ 3 പുറം 109), സമൂഹത്തിൽ സ്ത്രീകളുടെ കൂട്ടായ്മയുടെ ആവശ്യകതയെപ്പറ്റി പറയുന്ന 'നമ്മുടെ സ്ത്രീകളും സമുദായവും' എന്ന ലേഖനം, (പത്മിനി, *ലക്ഷ്മീഭായി* 1085 പുസ്തകം 5 ചിങ്ങം നമ്പർ 5 പുറം 194), സ്ത്രീകളുടെ സമകാലികമായ അപരിഷ്കൃതാവസ്ഥയെ ആമുഖമായി പറഞ്ഞശേഷം, വിദ്യാഭ്യാസമില്ലായ്മമൂലം സ്ത്രീ പുരുഷന്റെ അടിമയാകുന്നുവെന്നും സ്ത്രീകളും പുരുഷന്മാരെപ്പോലെ ജോലി ചെയ്തു ധനം സമ്പാദിക്കണം, പുരുഷന്മാരോട് സമത്വം വേണം എന്നും വാദിച്ചുകൊണ്ട് മിസ്സിസ് കെ. കണ്ണൻമേനോൻ എഴുതിയ 'മലയാളസ്ത്രീകളുടെ താൽക്കാലികസ്ഥിതി'യെന്ന ലേഖനം (*ലക്ഷ്മീഭായി* 1091 പുസ്തകം 11 ചിങ്ങം നമ്പർ 5 പുറം 246), പണ്ട് സ്ത്രീകൾക്കുണ്ടായിരുന്നതായി പറയപ്പെട്ടിരുന്നതും സാഹിത്യത്തിൽ കാണപ്പെടുന്നതുമായ സ്ഥാനമാനങ്ങളെ പ്രധാന പാശ്ചാത്യ പൗരസ്ത്യകൃതികളെടുത്ത് ഉദാഹരിക്കുകയും ഒപ്പം, സ്ത്രീ എന്ന പദത്തിൽ ഇപ്പോൾ സങ്കല്പിക്കപ്പെട്ട 'പതിത്വ'ത്തിനു പകരം സ്ത്രീകൾ പുരുഷന്മാരുടെ സമസൃഷ്ടികളും ജീവിതദശയിലെ പ്രധാനാംഗവും ആണെന്നുള്ള കാഴ്ചപ്പാട് വ്യക്തമാക്കി സ്ത്രീസമത്വത്തെ സ്ഥാപിക്കുന്ന ലേഖനമായ 'സാഹിത്യത്തിൽ സ്ത്രീകളുടെ പദവി' (ഇ. രുക്മിണിഅമ്മ, *ലക്ഷ്മീഭായി* 1091 പുസ്തകം 11 വൃശ്ചികം നമ്പർ 8 പുറം 262) എന്ന ലേഖനം, സ്ത്രീകളുടെ കഴിവുകളെപ്പറ്റി പറഞ്ഞുകൊണ്ട്, പുരുഷന്മാരോടു കിടപിടിക്കാനുള്ള പാടവം സ്ത്രീകൾ ആർജ്ജിച്ചുകഴിഞ്ഞ സ്ഥിതിക്ക് ഈ യുഗം സ്ത്രീപുരുഷസമത്വത്തിന്റേതാണ് എന്ന് ഉറപ്പിക്കുകയും അതോടൊപ്പം ഞങ്ങൾ സ്ത്രീകളാണ് എന്നു പറയുന്ന മനോഭാവത്തോട് അതൃപ്തി രേഖപ്പെടുത്തുകയും ചെയ്യുന്ന, തോട്ടയ്ക്കാട്ടു ഭവാനിഅമ്മയുടെ 'സ്ത്രീലോകത്തിന്റെ ആധുനികസ്ഥിതി'യെന്ന ലേഖനം (*ലക്ഷ്മീഭായി* 1111 പുസ്തകം 31 ലക്കം 11 പുറം 3), ലോകാഭിവൃദ്ധി പുരുഷന്മാരെയും സ്ത്രീകളെയും ഒരുപോലെ ആശ്രയിച്ചിട്ടുണ്ട് എന്ന കാഴ്ചപ്പാട് പുലർത്തുന്ന, 'സ്ത്രീകളും കലാവിദ്യയും' എന്ന ലേഖനം (വി.എ. സന്താനമ്മ, *ലക്ഷ്മീഭായി* 1089 പുസ്തകം 9 മകരം നമ്പർ 10 പുറം 392), സ്ത്രീകളുടെ കഷ്ടസ്ഥിതിയെ വിലയിരുത്തുന്നതോടൊപ്പം സ്ത്രീയ്ക്കു സ്വാതന്ത്ര്യം നൽകുന്നില്ല, വിദ്യാഭ്യാസം നൽകുന്നില്ല, അടിമകളാക്കി ജീവിതം നശിപ്പിക്കുന്നു എന്ന കാഴ്ചപ്പാട് വ്യക്തമാക്കുകയും പുരാണേതിഹാസങ്ങളും നീതിശാസ്ത്രങ്ങളും പുരുഷന്മാരുടെ സൗകര്യത്തിനുണ്ടാക്കിയവയാണെന്നു കണ്ടെത്തുകയും ചെയ്യുന്ന തികച്ചും സ്ത്രീവാദപരമായ 'പുരുഷന്മാരുടെ ക്രൂരത'യെന്ന ലേഖനം (പി. കാവമ്മ, *ലക്ഷ്മീഭായി* 1089 പുസ്തകം 10 കർക്കടകം നമ്പർ 4, പുറം 143)- ഇവയെല്ലാംതന്നെ എടുത്തുപറയേണ്ട രചനകളാണ്. ആശയഗാംഭീര്യംകൊണ്ടും രചനാശൈലികൊണ്ടും ഒട്ടും മോശമല്ലാത്തവയാണ് ഈ 'പെൺ ആഖ്യാന'ങ്ങളോരോന്നും.

> ഇരുപതാം നൂറ്റാണ്ടോടെ സാഹിത്യരംഗത്ത് വ്യാപകമായ ജനാധിപത്യബോധത്തിനും സമത്വവീക്ഷണത്തിനും സ്ത്രീവാദപരമായ പുത്തനുണർവ്വിനും അടിസ്ഥാനമായ മാറ്റങ്ങൾ അക്കാലത്തുതന്നെ ആരംഭിച്ചുകഴിഞ്ഞിരുന്നു എന്നതിന് ഈ പ്രസിദ്ധീകരണത്തിലെ ലേഖനങ്ങൾ സാക്ഷ്യം വഹിക്കുന്നു.

അക്കാലത്തെ സ്ത്രീവിദ്യാഭ്യാസം വിഷയമാക്കി എഴുതപ്പെട്ട മറ്റനേകം ലേഖനങ്ങളും *ലക്ഷ്മീഭായി*യിൽ കാണാം. അന്നത്തെ ചുറ്റുപാടുകൾവച്ചു നോക്കുമ്പോൾ കാലികപ്രസക്തി ഏറെ ഉൾക്കൊള്ളുന്നവയാണ് അവ.

സമുദായോന്നമനത്തിനും സ്ത്രീകളുടെ ഉയർച്ചയ്ക്കും സ്ത്രീവിദ്യാഭ്യാസം അനിവാര്യമാണെന്ന ആശയത്തിൽ ഊന്നിക്കൊണ്ട് പാറയ്ക്കൽ ഗൗരിയമ്മ എഴുതിയ 'സ്ത്രീവിദ്യാഭ്യാസം' (*ലക്ഷ്മീഭായി* 1082 പുസ്തകം 2 മീനം നമ്പർ 12 പുറം 559) പി.എൻ. അമ്മയുടെ 'ജ്ഞാനമേ മാനമേകൂ' (*ലക്ഷ്മീഭായി* 1087 പുസ്തകം 8 മിഥുനം നമ്പർ 3 പുറം 112), പി. കാവമ്മ എഴുതിയ 'ആധുനിക സ്ത്രീവിദ്യാഭ്യാസം' (*ലക്ഷ്മീഭായി* 1090 പുസ്തകം 10, മീനം നമ്പർ 12 പുറം 462) കെ. ചിന്നമ്മ എഴുതിയ, 'വിദ്യാഭ്യാസത്തിൽ സ്ത്രീകളുടെ സ്ഥാനം' (*ലക്ഷ്മീഭായി* 1088, പുസ്തകം 8 കന്നി നമ്പർ 6 പുറം 106), പറവൂർ കാൽപ്പറമ്പിൽ കാർത്ത്യായനിഅമ്മയുടെ 'മലയാള സ്ത്രീകൾ' (*ലക്ഷ്മീഭായി* 1084, പുസ്തകം 4 കന്നി നമ്പർ 6 പുറം 275), ചമ്പത്തിൽ ചിന്നമ്മു മന്നാടിസ്യാർ എഴുതിയ

> സ്ത്രീയുടെ ആവശ്യ ങ്ങളെക്കുറിച്ചും, പ്രശ്നങ്ങളെ ക്കുറിച്ചും സ്ത്രീകളുടെതന്നെ പ്രതികരണങ്ങൾ ഉൾപ്പെടുന്ന ലക്ഷ്മീഭായി മലയാ ളത്തിലെ ആദ്യകാല സ്ത്രീസ്വരങ്ങളെ അടയാളപ്പെടുത്തുന്നു.

'സ്ത്രീ വിദ്യാഭിവൃദ്ധി' (*ലക്ഷ്മീഭായി* 1084 പുസ്തകം 4 തുലാം നമ്പർ 7 പുറം 293), സ്ത്രീകൾക്ക് അവരുടേതായ വിദ്യാഭ്യാസം വേണം, സ്ത്രീപരിഷ്കാരങ്ങൾ നടപ്പിലാക്കാൻ സ്വത്തിന്റെ ഭാഗം നൽകണം എന്നഭിപ്രായപ്പെട്ടുകൊണ്ട് കൽത്തറ കാർത്ത്യായനിക്കുട്ടി എഴുതിയ 'സ്ത്രീപരിഷ്കാരം' (*ലക്ഷ്മീഭായി* 1102 പുസ്തകം 22 വൃശ്ചികം ലക്കം 8 പുറം 330), വേണ്ടത്ര വിദ്യാഭ്യാസത്തിനിടനൽകാതെ ബാല്യത്തിലേ പെൺകുട്ടികളെ വിവാഹം ചെയ്തയയ്ക്കുന്നതുകൊണ്ടുള്ള ദോഷങ്ങളെക്കുറിച്ച് പാറയ്ക്കൽ ഗൗരിയമ്മ എഴുതിയ ലേഖനമായ 'ശൈശവവിവാഹം' (*ലക്ഷ്മീഭായി* 1082 പുസ്തകം 3 എടവം നമ്പർ 2 പുറം 71), വിദ്യാഭ്യാസരഹിതയായി അടിമയായ സ്ത്രീയെ സ്വാർത്ഥതത്പരതയുടെ ആധിക്യംകൊണ്ടു മാത്രമാണ് പുരുഷൻ ഭരിച്ചത് എന്നും, വിദ്യാഭ്യാസംവഴി അടിമത്തത്തിന്റെ കെട്ട് തന്നത്താൻ അഴിക്കാൻ സ്ത്രീക്കു സാധിക്കും എന്നുമുള്ള ഉദ്ബോധനം നൽകിക്കൊണ്ട് ഇ. രുക്മിണിയമ്മ എഴുതിയ 'പൗരസ്ത്യവനിതകളും പാശ്ചാത്യവിദ്യാഭ്യാസവും' (*ലക്ഷ്മീഭായി* 1097 പുസ്തകം 17 ചിങ്ങം നമ്പർ 5 പുറം 163), സ്ത്രീകൾക്കുണ്ടായിരിക്കണമെന്ന് പുരുഷന്മാർ ആഗ്രഹിക്കുന്ന സർവ്വകലാശാലാ വിദ്യാഭ്യാസത്തിനുപരി, താന്താങ്ങളുടെ ഗാർഹിക കർമ്മങ്ങൾക്കാവശ്യമായ വിദ്യകളും സ്ത്രീകൾ നേടിയിരിക്കണം എന്നഭിപ്രായപ്പെട്ടുകൊണ്ട് കെ. കുഞ്ഞിക്കാവമ്മ എഴുതിയ 'സ്ത്രീകൾക്കുചിതമായ വിദ്യാഭ്യാസം' (*ലക്ഷ്മീഭായി* 1084 പുസ്തകം 4 കുംഭം നമ്പർ 11 പുറം 476), വിദേശഭാഷ പഠിച്ചാലേ അവിടത്തെ സ്ത്രീകൾക്കുള്ള സ്വാതന്ത്ര്യവും മറ്റും അറിഞ്ഞ് ഇവിടെയും മാറ്റങ്ങൾ ഉണ്ടാക്കാനാകൂ എന്നു വാദിച്ചുകൊണ്ട് കെ. പത്മാവതിയമ്മ രചിച്ച 'നമ്മുടെ സ്ത്രീകൾക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസം ആവശ്യമാണോ' എന്ന ലേഖനം (*ലക്ഷ്മീഭായി* 1093 പുസ്തകം 13 ചിങ്ങം നമ്പർ 5 പുറം 183), വിദ്യാഭ്യാസംകൊണ്ട് സ്ത്രീകൾക്കുണ്ടാകുന്ന ദോഷാരോപണങ്ങൾക്ക് മറുപടി നൽകിക്കൊണ്ട്, സ്ത്രീകൾ അബലകളല്ല എന്ന അഭിപ്രായം പ്രകടിപ്പിക്കുന്നതോടൊപ്പം, അക്കാലത്തെ സ്ത്രീകൾക്കു നേരേയുണ്ടായിരുന്ന അവഗണനാമനോഭാവത്തിനെതിരേ തുറന്നടിക്കുന്ന 'വിദ്യയുടെ ചില വിദ്യകൾ' എന്ന കെ. പാറുക്കുട്ടി അമ്മയുടെ ലേഖനം (*ലക്ഷ്മീഭായി* 1094 പുസ്തകം 14 മീനം നമ്പർ 12 പുറം



439), വിദ്യാഭ്യാസമില്ലായ്മയുടെ ദോഷങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് സംസ്കാരത്തെ നിലനിർത്തുവാൻ സ്ത്രീകൾക്ക് ഭാരതീയ രീതിയിൽത്തന്നെയുള്ള വിദ്യാഭ്യാസം നൽകണമെന്ന ആശയവും പ്രകടമാക്കുന്ന ബി. കല്യാണി അമ്മയുടെ 'സ്ത്രീകളും ഇംഗ്ലീഷ് വിദ്യാഭ്യാസവും ചില ചിന്തകൾ' (*ലക്ഷ്മീഭായി* 1105, പുസ്തകം 25 മീനം ലക്കം 12 പുറം 540), ''കലാലയ വിദ്യാഭ്യാസം ഹേതുവായിട്ട് ഏതൽക്കാലപര്യന്തം പുരുഷന്മാരാൽ മാത്രമേ സാദ്ധ്യമാകയുള്ളൂ എന്നു കരുതിയിരുന്ന പല കാര്യങ്ങളും നടത്തുന്നതിനു പെണ്ണുങ്ങൾക്കു സാമർത്ഥ്യമുണ്ടെന്നു തെളിഞ്ഞിരിക്കുന്നു.'' - എന്നിങ്ങനെ സ്ത്രീവിദ്യാഭ്യാസംകൊണ്ടുണ്ടായ ഗുണത്തെയും മാറ്റത്തെയും പ്രകടമാക്കിക്കൊണ്ട് കെ. കുഞ്ഞിക്കാവമ്മ എഴുതിയ 'സ്ത്രീവിദ്യാഭ്യാസം' (*ലക്ഷ്മീഭായി* 1102 പുസ്തകം 22 കന്നി ലക്കം 6 പുറം 309) - തുടങ്ങിയവ ഈ വിഭാഗത്തിൽപ്പെടുന്നവയാണ്. സ്ത്രീയുടെ ആവശ്യകതകളെക്കുറിച്ചും സ്ത്രീപ്രശ്നങ്ങളെക്കുറിച്ചും അവയുടെ പരിഹാരമാർഗ്ഗങ്ങളെക്കുറിച്ചും സ്ത്രീകളുടെതന്നെ പ്രതികരണങ്ങളെന്ന നിലയിൽ നോക്കിയാൽ, സ്ത്രീപക്ഷവാദപരമായി മലയാളത്തിൽ ഉയർന്നുവന്ന ആദ്യകാല സ്ത്രീസ്വരങ്ങളായി ഈ ലേഖനങ്ങളെ കണക്കാക്കാവുന്നതാണ്.

## ഗ്രന്ഥസൂചി

1. പരമേശ്വരയ്യർ, ഉള്ളൂർ, എസ്., *കേരള സാഹിത്യചരിത്രം വാല്യം I-V.* തിരുവനന്തപുരം: കേരള സർവ്വകലാശാല പ്രസിദ്ധീകരണവിഭാഗം, 1990.
2. നാരായണപ്പണിക്കർ, ആർ., *കേരളഭാഷാസാഹിത്യചരിത്രം വാല്യം I-VII.* തിരുവനന്തപുരം: വി.വി. ബുക്ക് ഡിപ്പോ, 1947.
3. പരമേശ്വരൻ നായർ, പി.കെ., *മലയാളസാഹിത്യചരിത്രം.* ന്യൂഡൽഹി: സാഹിത്യ അക്കാദമി, 1992.
4. ജോർജ്ജ്, കെ.എം., *സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ.* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 2013.
5. രാമചന്ദ്രൻനായർ, പന്മന, *സമ്പൂർണ്ണ മലയാള സാഹിത്യചരിത്രം.* കോട്ടയം: പി.കെ. പരമേശ്വരൻനായർസ്മാരക ട്രസ്റ്റ്, 2010.
6. പരമേശ്വരൻപിള്ള, എരുമേലി, *മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ.* മാവേലിക്കര: പ്രതിഭ ബുക്സ്, 1993.
7. കൃഷ്ണപിള്ള, എൻ., *കൈരളിയുടെ കഥ.* കോട്ടയം: ഡി.സി. ബുക്സ്, 2005.
8. പ്രിയദർശനൻ, ജി., *ആദ്യകാല മാസികകൾ.* തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി, 2007.
9. ലക്ഷ്മീഭായി മാസിക (1905, 07, 08, 09, 10, 13, 14, 15, 16, 17, 18, 19, 21, 22, 27, 30, 31, 33, 36, 38, 39 വർഷങ്ങളിലെ പതിപ്പുകൾ.)

■

Chemistry Europe
European Chemical Societies Publishing
Check for updates

Materials Science inc. Nanomaterials & Polymers

# Structural Deformation to *β*-Cyclodextrin Due to Strong π-Stacking in the Self-Assembly of Inclusion Complex

Athira K. Jeevan,[a, b] Sumesh B. Krishnan,[a, b] and Karical R. Gopidas*[a, b]

We report severe distortion to the structure of β-cyclodextrin and partial de-encapsulation of included guest prompted by strong π-stacking of appended pyrene moieties in the self-assembly of inclusion complex into toroidal nanostructures. The inclusion complex formed from bis(β-cyclodextrin)-substituted pyrene and bis(adamantane)-substituted methyl viologen assembled into ring-like structures. The rings undergo further self-assembly which involve strong face-to-face π-stacking of pyrene chromophores. Close approach of the pyrenes for π-stacking demands severe distortion of the cyclodextrin truncated cone structure and partial de-encapsulation of the guest from the cavity. The understanding that β-CD can be distorted severely during self-assembly may be helpful in the design of molecular architectures.

For many years cyclodextrins (CDs) were considered as rigid truncated cones of high symmetry with specific diameters and height.[1–4] The truncated cone structure has a wider rim of C-2 and C-3 hydroxyl groups and a narrow rim composed of the C-6 primary hydroxyl groups of the glucose monomers. At the wider rim, flip-flop hydrogen bonds are formed between the C-2 hydroxyl of one glucose unit with C-3 hydroxyl of adjacent glucose. The secondary hydrogen bond belt, which is complete in β-CD, is regarded as the reason for the better rigidity and lower water solubility of β-CD compared to α- and γ-CDs. Experimental[5–8] and theoretical[9–15] studies now show that CD structures are flexible due to local fluctuations in the individual glucose rings and distortions of the macrocyclic structures. These disorders, however, are considered dynamic and reorientation to the symmetric structures occur rapidly. In this paper we describe strong deformation of β-CD structure due to strong π-π stacking, which is found to be stable even at 80 °C.

Self-assembly of bis(β-CD)-linked anthracene (CD-AN-CD) and bis(adamantane)-linked methyl viologen (AD-$MV^{2+}$-AD) into toroidal nanostructures is reported by us recently.[16] The mechanism involved formation of a ring structure from the inclusion complex and stacking of the rings via edge-to-edge overlap of AN π-clouds. Since β-CD has a truncated cone structure with outer diameter of 15.3 Å, we proposed the skewed or slipped stack arrangement shown in Scheme 1A, where the edge-to-edge distance between ANs in successive rings is < 4 Å. In order to confirm the two important aspects of our proposal, namely, formation of closed loop structures and stacking of the ring loops, we have substituted pyrene (PY) in place of AN and designed the molecule CD-PY-CD (Scheme 1). Similar to the CD-AN-CD/AD-$MV^{2+}$-AD system, we expected the CD-PY-CD/AD-$MV^{2+}$-AD inclusion complex to form closed loop structures in which the PY chromophores can arrange with their long axis parallel (Scheme 1B) or perpendicular (Scheme 1C) to the β-CD axis. If the β-CD has a rigid structure, then the PY chromophores in Scheme 1B cannot undergo edge-to-edge stacking because of the > 5 Å separation. For Scheme 1C, edge-to-edge distance will be < 4 Å and stacking is possible which, however, will be weak because of the 1,6-substituents on PY. Thus, we expected to see only ring structures and no toroids in the self-assembly of CD-PY-CD/AD-$MV^{2+}$-AD (desig-




**Scheme 1.** Probable arrangement of AN and PY chromophores in (A) CD-AN-CD@AD-$MV^{2+}$-AD and (B,C) CD-PY-CD@AD-$MV^{2+}$-AD ring stacks. Panel D shows structures of molecules. The cone-like structure represents β-CD.

[a] *A. K. Jeevan, Dr. S. B. Krishnan, Dr. K. R. Gopidas*
Chemical Sciences and Technology Division, CSIR-National Institute for Interdisciplinary Science and Technology, Thiruvananthapuram 695 019, India
E-mail: gopidaskr@gmail.com
[b] *A. K. Jeevan, Dr. S. B. Krishnan, Dr. K. R. Gopidas*
Academy of Scientific and Innovative Research (AcSIR), Ghaziabad - 200 002, India
Supporting information for this article is available on the WWW under https://doi.org/10.1002/slct.202004488


© 2020 Wiley-VCH GmbH
T H JITHA Digitally signed by T H JITHA Date: 2023.09.20 11:26:22 +05'30'